വയർമെൻ അസോസിയേഷന്റെ മെമ്മോറാണ്ടം

979. [1427] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്, വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വയർമെൻ അസോസിയേഷന്റെ ഒരു മെമ്മോറാണ്ടം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ മെമ്മോറാണ്ടത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മെമ്മോറാണ്ടത്തിൽ പറയുന്ന ഏതെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിമാന്റുകളാണ് നടപ്പിലാക്കിയത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പാലക്കാട് വയറിംഗ് വർക്കേഴ്സ് അസോസിയേഷന്റെ 8-ാമത്തെ ആവശ്യം ചില വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കിയിട്ടുണ്ട്. കേരള ഇലക്ട്രിക്കൽ വയർമെൻ ആൻറ് സൂപ്പർവൈസർ അസോസിയേഷന്റെ ഒന്നാമത്തെ ആവശ്യം നടപ്പിലാക്കുന്നതിനു ആവശ്യമായ ചട്ടങ്ങളിലുള്ള ഭേഗേതി പരിഗണനയുടെ അവസാന ഘട്ടത്തിലാണ്. പെൻറിംഗ് കണക്ഷനുകൾ ഈ സാമ്പത്തിക വർഷത്തിൽ തന്നെ നല്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. മറ്റുള്ള ആവശ്യങ്ങൾ പരിശോധിച്ചു വരുന്നു.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ നിയമനം

980. [1428] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ നിയമനം പി. എസ്. സി. വഴിയാണോ ;

(ബി) ആണെങ്കിൽ അതിനെതിരായി ഏതെങ്കിലും ഉത്തരവ് ഈയിടെ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വകുപ്പദ്ധ്യക്ഷൻമാരുടേതൊഴിച്ച് നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേക്കുള്ള എല്ലാ നിയമനങ്ങളും പി. എസ്. സി. വഴിയാണ്.

(ബി) ഇല്ല.

ഗാർഹിക കണക്ഷൻ

981. [1429] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-1985 മുതൽ 30-9-1986 വരെ കോൺട്രിബ്യൂഷനിൽ നിന്ന് ഒഴിവാക്കി എത്ര ഗാർഹിക കണക്ഷൻ നൽകി ;

(ബി) കോൺട്രിബ്യൂഷൻ സമ്പ്രദായ പ്രകാരം ഈ വർഷം എത്ര കണക്ഷൻ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly